**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T **5218** **15.11.2019 ൽ** മറുപടിക്ക്

## വൈപ്പിൻ മണ്ഡലത്തിലെ തെരുവുനായ ശല്യം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.എസ്.ശർമ്മ** | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | വൈപ്പിൻ നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവുനായ ശല്യം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം, മുളവുകാട്, ഞാറയ്ക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ തെരുവുനായ ആക്രമണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | ഇത് പരിഹരിക്കുന്നതിനായി, മൃഗസംരക്ഷണ വകുപ്പും കുടുംബശ്രീ മിഷനും ചേർന്ന് തെരുവുനായ വന്ധ്യംകരണം (ABC Program) നടത്തിവരുന്നുണ്ട്. വൈപ്പിൻ നിയോജക മണ്ഡലത്തിലെ എടവനക്കാട് ഗ്രാമ പഞ്ചായത്ത് ₹1,03,000/-, കടമക്കുടി ഗ്രാമ പഞ്ചായത്ത് ₹1,05,000/-, നായരമ്പലം ഗ്രാമ പഞ്ചായത്ത് ₹21,000/-, ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്ത് ₹1,47,000/- എന്നിങ്ങനെ എബിസി പദ്ധതിയ്ക്ക് വേണ്ടി 2019-20 ൽ തുക വകയിരുത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി | പ്രസ്തുത മണ്ഡലത്തിലെ വിവിധ ഗ്രാമപ്പഞ്ചായത്തുകളിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര തെരുവുനായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയെന്ന് വിശദമാക്കാമോ; | കടമക്കുടി ഗ്രാമ പഞ്ചായത്ത് - 52, ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്ത് - 84, എടവനക്കാട് ഗ്രാമപഞ്ചായത്ത് - 24, നായരമ്പലം ഗ്രാമ പഞ്ചായത്ത് - 100, കുഴിപ്പിള്ളി ഗ്രാമ പഞ്ചായത്ത് - 100 എന്നിങ്ങനെ മൊത്തം 360 തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| ഡി | തെരുവുനായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിനുള്ള ചുമതല ഏത് ഉദ്യോഗസ്ഥനാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ, അനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റിന് ചുമതല നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**